# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26

ജി എൽ പി എസ് കരുവാരകുണ്ട്

# ആമുഖം

പശ്ചിമഘട്ട പർവത നിരകളോട് ചേർന്ന് സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു ഗ്രാമമാണ് കരുവാരക്കുണ്ട്. മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ വണ്ടൂർ ഉപജില്ലയിലെ പുന്നക്കാട് എന്ന ഈ പ്രദേശത്താണ് ഗവൺമെൻറ് എൽ .പി. സ്കൂൾ കരുവാരക്കുണ്ട് സ്ഥിതിചെയ്യുന്നത്. 1928 ൽ ആരംഭിച്ചതും കരുവാരകണ്ട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമായ ഈ വിദ്യാലയം ജില്ലയിലെ തന്നെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലായി കുട്ടികളും പ്രീ പ്രൈമറി ക്ലാസ്സുകളിൽ കുട്ടികളും ഉൾപ്പടെ പേർ 2022-23 അധ്യയനവർഷം ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്

വൈവിധ്യമാർന്ന സാമൂഹ്യ പരിസരങ്ങളിൽ നിന്നുള്ള കുട്ടികൾ ഗ്രാമീണ മേഖലയിലെ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു.

വ്യക്തിപരമോ സാമൂഹ്യമോ മറ്റേ ആയ കാരണങ്ങളാൽ പഠന പ്രവർത്തനങ്ങളിൽ പിന്നോക്കമായിപ്പോയ കുട്ടികളെ കൂടി വിവിധ പ്രവർത്തനങ്ങളിലൂടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ലക്ഷ്യങ്ങൾ**:

ഓരോ കുട്ടിയെയും വ്യക്തിപരമായി ശ്രദ്ധിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക

ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ രസകരവും മത്സരാത്മക സ്വഭാവത്തിലുള്ളതും വൈവിധ്യമാർന്ന പഠന തന്ത്രങ്ങളും പഠനോപകരണങ്ങളും ഉപയോഗിച്ചുള്ളതുമാക്കി മാറ്റുക

ഇതുവഴി കൂടുതൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ ശ്രമിക്കുക

ഓരോ കുട്ടിയുടെയും മികവുകൾ രേഖപ്പെടുത്തുകയും നിരന്തരമായി വിലയിരുത്തുകയും ചെയ്യുക

വ്യക്തിപരമായും കൂട്ടമായും ക്ലാസ് തലത്തിലും തുടങ്ങി വിവിധ തലങ്ങളിലുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

സ്കൂൾ എസ് ആർ ജി യോഗങ്ങൾ ക്രമീകൃതവും ആസൂത്രിതവും ഫലപ്രദവുമായി നടത്തുക

സ്കൂൾ ക്ലാസിനകത്തെ പഠനപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന അന്തരീക്ഷം നിലനിർത്തുക

**പദ്ധതികൾ**

1. ഒപ്പത്തിനൊപ്പം
2. അഭിമാനത്തിളക്കം

3. കുട്ടിക്കൂട്ടം
4. ദർപ്പണം
5. നവ ചേതന
6. വീക്കിലി വിൻ
7. വിവിധ ക്ലബ്ബുകളും ക്ലാസുകളും നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

**1.ഒപ്പത്തിനൊപ്പം: കുട്ടിയെ അറിയാം**

(ചുമതല : രാധാകൃഷ്ണൻ മാസ്റ്റർ, ആര്യ ടീച്ചർ, ക്ലാസ് അധ്യാപകർ
കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

**ലക്ഷ്യങ്ങൾ**

* ഓരോ കുട്ടിയുടെയും പഠന നിലവാരം, കുടുംബ പശ്ചാത്തലം, ആരോഗ്യസ്ഥിതി, വൈകാരികാവസ്ഥ എന്നിവ സമഗ്രമായി മനസ്സിലാക്കുക.

* കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ മുന്നോട്ട് കൊണ്ടുവരിക.

* കുട്ടികളുടെ വ്യക്തിപരമായ കഴിവുകളും താല്പര്യങ്ങളും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുക.

* അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ആശയവിനിമയം ശക്തമാക്കി കുട്ടിയുടെ പുരോഗതിക്ക് ഒരുമിച്ച് പ്രവർത്തിക്കുക.

**പ്രവർത്തന രീതി**

**ഘട്ടം 1: വിവര ശേഖരണം (വിദ്യാർത്ഥി പ്രൊഫൈൽ തയ്യാറാക്കൽ)**

* ഈ പദ്ധതിയുടെ ആദ്യ പടിയായി ഓരോ കുട്ടിയുടെയും വ്യക്തിപരമായ വിവരങ്ങൾ ശേഖരിക്കുന്നു. ഇതിൽ കുട്ടിയുടെ പേര്, ക്ലാസ്, അഡ്മിഷൻ നമ്പർ, DOB, അഡ്രസ്, ആധാർ നമ്പർ എന്നിവ ഉൾപ്പെടുന്നു.

* രക്ഷിതാക്കളുടെ വിവരങ്ങളായ പേര്, ഫോൺ നമ്പർ, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, കുടുംബത്തിന്റെ വരുമാനം, APL/BPL നിലവാരം, വീടിന്റെ പ്രകൃതം എന്നിവയും ശേഖരിക്കുന്നു.

* കുട്ടിയുടെ പഠനസൗകര്യങ്ങൾ, പഠനമുറി, പഠിക്കുന്ന സമയം, രക്ഷിതാക്കളുടെ പിന്തുണ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും കുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതിയും രേഖപ്പെടുത്തുന്നു.

* അധ്യാപകന്റെ നിരീക്ഷണത്തിൽ കുട്ടിയുടെ നിലവിലെ പഠനാവസ്ഥ, വായന, എഴുത്ത്, സംസാരം എന്നിവയിലെ കഴിവുകൾ, ഹൈപ്പർ/ഹൈപ്പോ ആക്ടിവിറ്റി, ശ്രദ്ധക്കുറവ് തുടങ്ങിയവ രേഖപ്പെടുത്തുന്നു.

* ഓരോ കുട്ടിയുടെയും കഴിവുകളും താല്പര്യങ്ങളും, കയ്യെഴുത്ത് നിലവാരം, ശുചിത്വം, നേതൃപാടവം, ക്ലാസ്സിലെ പ്രതികരണം എന്നിവയും അധ്യാപകർ രേഖപ്പെടുത്തും.
* കുട്ടിയുടെ വൈകാരികമായ പ്രശ്നങ്ങൾ (ദേഷ്യം, ഭയം, കലഹം, നുണ പറയുന്ന സ്വഭാവം), അധ്യാപകരുമായും സഹപാഠികളുമായുമുള്ള ബന്ധം എന്നിവയും ഈ ഫോർമാറ്റിൽ രേഖപ്പെടുത്തുന്നു.

* രക്ഷിതാക്കൾ കുട്ടിയെ എങ്ങനെ വിലയിരുത്തുന്നു എന്ന വിവരവും ഈ ഫോർമാറ്റിന്റെ ഭാഗമാണ്.

**ഘട്ടം 2: വിശകലനവും ആസൂത്രണവും**

* ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കുട്ടിയുടെയും അക്കാദമിക് നിലവാരം, മെച്ചപ്പെടുത്തേണ്ട മേഖലകൾ, പിന്തുണ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയിലെത്തുന്നു.

* ടീച്ചർമാർ കുട്ടിയുടെ വൈകാരികമായ മെച്ചപ്പെടലിനുവേണ്ടി ഉപയോഗിക്കുന്ന പിന്തുണ പ്രവർത്തനങ്ങളെക്കുറിച്ചും രേഖപ്പെടുത്തുന്നു.

* ടേം അടിസ്ഥാനത്തിൽ കുട്ടികൾ നേടിയ ശേഷികളും മെച്ചപ്പെടുത്തേണ്ട മേഖലകളും വിലയിരുത്തുന്നു.

**ഘട്ടം 3: തുടർ പ്രവർത്തനങ്ങൾ**

* വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കുട്ടിക്കും അനുയോജ്യമായ പഠന പിന്തുണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

* രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെട്ട് കുട്ടിയുടെ പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്യുകയും അവരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.
പ്രതീക്ഷിക്കുന്ന ഫലങ്ങൾ

* ഓരോ കുട്ടിയുടെയും പഠനപരവും വൈകാരികവുമായ ആവശ്യങ്ങൾ കൃത്യമായി തിരിച്ചറിയാൻ സാധിക്കും.

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വ്യക്തിപരമായ ശ്രദ്ധയും പിന്തുണയും നൽകി പഠനത്തിൽ മുന്നോട്ട് കൊണ്ടുവരാൻ കഴിയും.

* കുട്ടികളുടെ പഠനത്തെളിവുകളും (Term 1, Term 2, Term 3) മെച്ചപ്പെടാനുള്ള മേഖലകളും വ്യക്തമായി രേഖപ്പെടുത്തുന്നതിനാൽ അധ്യാപകർക്ക് കൂടുതൽ ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കും.

* കുട്ടികൾക്ക് പഠനപ്രശ്നങ്ങൾക്ക് പുറമെ വൈകാരികമായോ മറ്റു കാരണങ്ങളാലോ ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് തിരിച്ചറിയാനും പരിഹാരം കണ്ടെത്താനും കഴിയും.

* അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരുപോലെ കുട്ടിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകും.

* കുട്ടികളുടെ കഴിവുകളും താല്പര്യങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ അവരുടെ പഠനം കൂടുതൽ ആസ്വാദ്യകരമാകും

## 2.അഭിമാനത്തിളക്കം: മികവുകളുടെ സ്വർണരേഖ

(ചുമതല : റിൻസിന ടീച്ചർ, ക്ലാസ് അധ്യാപകർ

കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

**ലക്ഷ്യങ്ങൾ**:

- ഓരോ കുട്ടിയുടെയും ഓരോ മികവും ശ്രദ്ധിക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു.

- ക്ലാസ് തലത്തിൽ മത്സരാധിഷ്ഠിതമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- സ്കൂളിൽ പ്രവേശിച്ചതുമുതൽ പഠനം പൂർത്തിയാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ഓരോ കുട്ടിയെയും നിരന്തരമായി വിലയിരുത്തുന്നു.
- വിദ്യാർത്ഥി സ്കൂളിൽ നിന്ന് പോയാലും ജീവിതകാലം മുഴുവൻ ഓർമിച്ചു വയ്ക്കാവുന്ന മികവുകളുടെ ഓർമ്മയായി അഭിമാനരേഖ മാറുന്നു.
- സ്റ്റാർ സംവിധാനം ഉപയോഗിച്ച് ക്ലാസ് മുറി കൂടുതൽ മനോഹരവും സജീവവും രസകരവുമാക്കുന്നു.

**പ്രവർത്തനങ്ങൾ:**

ഓരോ വിദ്യാർത്ഥിക്കും അവരുടെ മികവുകൾ രേഖപ്പെടുത്തുന്നതിനായി 'അഭിമാനരേഖ' എന്ന പേരിൽ ഒരു പുസ്തകം നൽകും. ഈ പുസ്തകത്തിൽ വിദ്യാർത്ഥിയുടെ നേട്ടങ്ങൾക്കനുസരിച്ച് സ്റ്റാർ സ്റ്റിക്കറുകൾ പതിച്ചു നൽകും. ഓരോ പീരിയഡ് കഴിയുമ്പോഴും അതത് വിഷയങ്ങളിലും പൊതുവായ മറ്റ് മേഖലകളിലും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി സ്റ്റാറുകളോ പോയിന്റുകളോ നൽകും. മാസാവസാനം ക്ലാസ് തലത്തിൽ മികവ് പുലർത്തുന്നവരെ കണ്ടെത്തി ആദരിക്കും.

അഭിമാനരേഖയിൽ വിവിധ സ്റ്റാറുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

**സിംഗിൾ സ്റ്റാർ:**

- ഒരു പീരിയഡിലെ മികച്ച കുട്ടി.
- അഞ്ചുദിവസം തുടർച്ചയായി ഹോംവർക്ക് ചെയ്യുന്നവർ.
- നിലവാരമുള്ള പഠനോപകരണം ഉണ്ടാക്കിയവർ.
- ക്ലാസ്സിൽ രൂപീകരിക്കുന്ന പതിപ്പുകളിൽ ഏറ്റവും മികച്ച കുട്ടികൾ.
- ക്ലാസ്സിൽ സംഘടിപ്പിക്കുന്ന മത്സരങ്ങളിലെ വിജയി.
- പിന്നോക്കക്കാരായവർ നടത്തുന്ന മികച്ച പ്രകടനങ്ങൾ (മറ്റുള്ളവരുടെയത്ര നിലവാരം വേണമെന്നില്ല).
- ക്ലാസ് പ്രവർത്തനങ്ങളിൽ മറ്റു കുട്ടികളെ സഹായിച്ചവർ.
- ഒന്നിൽ കൂടുതൽ തവണ സഹകരിക്കുന്ന കുട്ടികൾ.
- ഓരോ വിഷയത്തിലും യൂണിറ്റ് ടെസ്റ്റിൽ A ഗ്രേഡ് കിട്ടിയവർ.
- ടേം ഇവാല്യുവേഷനിൽ ഒരു വിഷയത്തിൽ A ഗ്രേഡ് കിട്ടുന്നവർ (ഓരോ വിഷയത്തിനും നൽകാം).
- സി.പി.ടി.എയിൽ രക്ഷിതാക്കൾ പങ്കെടുത്ത കുട്ടികൾ.
- സ്കൂൾ സന്ദർശിച്ച് കുട്ടിയുടെ അഭിമാനരേഖയിൽ അഭിപ്രായം രേഖപ്പെടുത്തിയവർ.
- സർഗ്ഗ വേളയിൽ നന്നായി പരിപാടി അവതരിപ്പിക്കുന്നവർ (രണ്ടാം സ്ഥാനത്തിന്)..
- പാഠ്യേതര വിഷയങ്ങളിൽ ഓരോ മേഖലയിലും ഓരോ ആഴ്ചയും മുന്നിട്ട് നിൽക്കുന്ന ഒരു കുട്ടി.

- ഒരു പുസ്തകം പൂർണ്ണമായി വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കിയവർ.
- സബ്ജില്ലാ മത്സരപരിപാടികളിൽ പങ്കെടുത്ത് ഗ്രേഡ് വാങ്ങാത്തവർ.
- സിംഗിൾ സ്റ്റാറിന് അർഹതയില്ലാത്ത പ്രവർത്തനങ്ങൾക്ക് നിലവാരമനുസരിച്ച് 1 മുതൽ 4 വരെ പോയിന്റുകൾ അഭിമാനരേഖയിൽ ചേർക്കാം. 5 പോയിന്റുകൾ ഒരു സ്റ്റാറായി എണ്ണുക.

**ഡബിൾ സ്റ്റാർ (SUPER):**

- സ്കൂൾതല മത്സരത്തിൽ മൂന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ നേടിയവർ.
- വിവിധ മത്സരങ്ങളിൽ പഞ്ചായത്ത് തലത്തിൽ മൂന്നാം സ്ഥാനം നേടിയവർ.
- സബ്ജില്ലാ തലങ്ങളിൽ B അല്ലെങ്കിൽ C ഗ്രേഡ് ലഭിച്ചവർ.
- സർഗ്ഗ വേളയിൽ ഏറ്റവും നന്നായി പരിപാടി അവതരിപ്പിക്കുന്ന കുട്ടി/ടീം (ഒന്നാം വിജയി).
- ടേം ഇവാല്യുവേഷനിൽ ഓവറോൾ A ഗ്രേഡ് ലഭിക്കുന്നവർ.
- ക്ലാസ് തല പ്രവർത്തനങ്ങളിൽ സിംഗിൾ സ്റ്റാറിനേക്കാൾ മികച്ച നിലവാരത്തിൽ കഴിവ് തെളിയിക്കുന്നവർ.

**മൂന്ന് സ്റ്റാർ (CHAMPION):**

- സ്കൂൾ തല മത്സരത്തിൽ ഒന്നാം സ്ഥാനം കിട്ടിയവർ.
- സബ്ജില്ലാ തലങ്ങളിൽ A ഗ്രേഡ് കിട്ടിയവർ.

**നാല് സ്റ്റാർ (KING):**

- വിവിധ മത്സരങ്ങളിൽ പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ നേടിയവർ.
- സബ്ജില്ലാ തല മത്സരത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയവർ.
- സ്കൂളിൽ പ്രധാനപ്പെട്ട ചുമതലകൾ (ഉദാഹരണം: സ്കൂൾ പാർലമെന്റ്, SCOUT, GUIDE എന്നിവയുടെ ലീഡർമാർ, ക്ലാസ്സ് ലീഡർമാർ) വളരെ നല്ല നിലയിൽ ഉത്തരവാദിത്തത്തോടുകൂടി നിർവഹിക്കുന്നവർ.

**പ്രതീക്ഷിക്കുന്ന ഫലങ്ങൾ**:

- ഓരോ വിദ്യാർത്ഥിയുടെയും നേട്ടങ്ങൾ ശ്രദ്ധിക്കപ്പെടുകയും രേഖപ്പെടുത്തുകയും ചെയ്യും.
- വിദ്യാർത്ഥികളിൽ മത്സരാത്മകമായ പങ്കാളിത്തം വർധിക്കും.
- പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും മികച്ച പ്രകടനം കാഴ്ചവെക്കാൻ വിദ്യാർത്ഥികൾക്ക് പ്രചോദനമാകും.
- സ്കൂളിൽ നിന്ന് പോയാലും ജീവിതകാലം മുഴുവൻ ഓർമ്മിക്കാൻ കഴിയുന്ന നേട്ടങ്ങളുടെ ഒരു പുസ്തകമായി അഭിമാനരേഖ മാറും.

- ഈ സ്റ്റാർ സംവിധാനം ഒരു ഫലപ്രദമായ ക്ലാസ്സ് മാനേജ്മെന്റ് ടൂളായി വർത്തിക്കും, അതുവഴി ക്ലാസ്സ് അന്തരീക്ഷം കൂടുതൽ മനോഹരവും സജീവവും രസകരവുമാകും.

## 3.കുട്ടിക്കൂട്ടം: കൂട്ടായ്മയിലൂടെ പഠനം

(ചുമതല :, ജയശ്രീ ടീച്ചർ, ക്ലാസ് അധ്യാപകർ

കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

നമ്മുടെ ക്ലാസ് മുറികളിലെ പഠനം കൂടുതൽ രസകരവും ഫലപ്രദവുമാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ് '**കുട്ടിക്കൂട്ടം**'. ഈ പദ്ധതിയുടെ പ്രധാന സവിശേഷതകൾ

### 1. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- **കൂട്ടായ പഠനം**: കുട്ടികളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച്, ഒരുമിച്ച് പഠിക്കാൻ പ്രേരിപ്പിക്കുന്നു. ഇത് പരസ്പരം സഹായിച്ചും സഹകരിച്ചും മുന്നേറാൻ അവരെ പഠിപ്പിക്കുന്നു.

- **വ്യക്തിപരമായ കഴിവുകൾ വികസിപ്പിക്കുക**: ഓരോ കുട്ടിക്കും ആത്മവിശ്വാസം, നേതൃപാടവം, കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ വളർത്താൻ ഗ്രൂപ്പ് പ്രവർത്തനങ്ങൾ സഹായിക്കുന്നു.

- **കുറവുകൾ പരിഹരിക്കുക**: പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗ്രൂപ്പിലെ മറ്റംഗങ്ങളുടെ സഹായത്തിലൂടെ അവരുടെ കുറവുകൾ പരിഹരിക്കാൻ സാധിക്കുന്നു.

- **അധ്യാപകരെ സഹായിക്കുക**: ഗ്രൂപ്പുകളായി തിരിക്കുമ്പോൾ അധ്യാപകർക്ക് ഓരോ കുട്ടിയെയും കൂടുതൽ ശ്രദ്ധിക്കാനും നിരീക്ഷിക്കാനും സാധിക്കുന്നു.

## 2. പദ്ധതിയുടെ പ്രവർത്തനങ്ങൾ

- **ഗ്രൂപ്പ് രൂപീകരണം**: എല്ലാ നിലവാരത്തിലുമുള്ള കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് തുല്യ ശക്തിയുള്ള ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. ഗ്രൂപ്പുകൾക്ക് ആകർഷകമായ പേരുകൾ നൽകുകയും ക്ലാസ്സിൽ ചാർട്ടുകൾ പ്രദർശിപ്പിക്കുകയും ചെയ്യും.
- **ഇരിപ്പിട ക്രമീകരണം**: ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നത് പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ സഹായിക്കും.

- **ഗ്രൂപ്പ് ലീഡർമാരെ മാറ്റുക**: എല്ലാ ആഴ്ചയും ഗ്രൂപ്പ് ലീഡർമാരെ മാറ്റിക്കൊണ്ട് ഓരോ കുട്ടിക്കും നേതൃപാടവം വളർത്താൻ അവസരം നൽകുന്നു.

- **വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ**: പഠനപ്രവർത്തനങ്ങൾക്കൊപ്പം, പാഠ്യേതര വിഷയങ്ങളായ ശുചിത്വം, അച്ചടക്കം, ക്ലാസ് ചുമതലകൾ എന്നിവയിലും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

- **"കുട്ടി ടീച്ചർ" ആശയം**: മിടുക്കരായ കുട്ടികൾ പിന്നോക്കം നിൽക്കുന്നവരെ പഠിപ്പിക്കാൻ സഹായിക്കുന്ന ഈ രീതി ഫലപ്രദമായി ഉപയോഗിക്കുന്നു.

## 3. സ്കോറിംഗും മൂല്യനിർണയവും

- **മാനദണ്ഡങ്ങൾ**: ക്ലാസ്സിലെ പ്രതികരണം, ഹോംവർക്കുകൾ പൂർത്തിയാക്കൽ, ഗ്രൂപ്പ് ചർച്ചകൾ, അച്ചടക്കം എന്നിവ സ്കോറിംഗിനുള്ള മാനദണ്ഡങ്ങളാണ്.

- **സ്കോറിംഗ് ഷീറ്റ്**: ഓരോ ഗ്രൂപ്പിന്റെയും സ്കോർ

- രേഖപ്പെടുത്തുന്ന ഒരു ഷീറ്റ് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

- **പ്രോത്സാഹനം**: എല്ലാ മാസവും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഗ്രൂപ്പിനെ അനുമോദിക്കുകയും വർഷാവസാനം മികച്ച പ്രകടനം കാഴ്ചവെച്ച ഗ്രൂപ്പിന് സമ്മാനം നൽകുകയും ചെയ്യുന്നു.

## 4. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- **പഠനനിലവാരം ഉയരും**: ഗ്രൂപ്പിലെ ഓരോ അംഗവും തങ്ങളുടെ ടീമിനെ വിജയിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ, ഓരോ കുട്ടിയുടെയും പഠന നിലവാരം ഉയരും.

- **അച്ചടക്കം വർധിക്കും**: ഗ്രൂപ്പിന്റെ സ്കോർ സംരക്ഷിക്കാനായി കുട്ടികൾ കൂടുതൽ അച്ചടക്കത്തോടെ പെരുമാറാൻ ശ്രമിക്കും.

- **കൂടുതൽ സഹകരണ മനോഭാവം**: കൂട്ടായ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കിടയിൽ സഹകരണവും സൗഹൃദവും വർധിക്കും

- **അധ്യാപകർക്ക് എളുപ്പം**: ക്ലാസ് മുറിയിലെ നിരീക്ഷണം കൂടുതൽ കാര്യക്ഷമമാകുകയും അധ്യാപകരുടെ അധ്വാനം കുറയുകയും ചെയ്യും

## 4.ദർപ്പണം: പഠനത്തെളിവുകളിലൂടെ ഒരു പ്രതിഫലനം

(ചുമതല : സന്ധ്യ ടീച്ചർ, ക്ലാസ് അധ്യാപകർ

കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

നമ്മുടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു നൂതന പദ്ധതിയാണ് '**ദർപ്പണം**'. ഓരോ കുട്ടിയുടെയും പഠനനേട്ടങ്ങൾ തെളിവുകളിലൂടെ വിലയിരുത്തുന്ന പദ്ധതി

### 1. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- **പഠനത്തിന്റെ തെളിവുകൾ**: കേവലം പാഠഭാഗങ്ങൾ പഠിക്കുക എന്നതിലുപരി, കുട്ടികൾ തങ്ങളുടെ പഠനം രചനകളിലൂടെയും അവതരണങ്ങളിലൂടെയും തെളിയിക്കുന്നു.
- **വ്യക്തിഗത പ്രോത്സാഹനം**: ഓരോ കുട്ടിക്കും അവരുടെ കഴിവുകൾക്കനുസരിച്ച് പഠനത്തെളിവുകൾ ഉണ്ടാക്കാൻ അവസരം നൽകുന്നു.
- **കൂട്ടായ പ്രവർത്തനം**: ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വളർത്തുന്നു.
- **പ്രദർശനവേദി**: കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കാനും അതുവഴി അവരെ കൂടുതൽ പ്രചോദിപ്പിക്കാനും ഈ പദ്ധതി അവസരമൊരുക്കുന്നു.

---

## 2. പദ്ധതിയുടെ പ്രവർത്തനങ്ങൾ

പഠനത്തെളിവുകൾ പ്രധാനമായും രണ്ട് തരത്തിലുണ്ട്:

- **രചനാപരമായ പഠനത്തെളിവുകൾ**:
  - കുട്ടികളുടെ രചനകൾ, പതിപ്പുകൾ, എ4 ഷീറ്റുകളിൽ തയ്യാറാക്കുന്ന പ്രോജക്റ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
  - ഓരോ ഗ്രൂപ്പും അവർ തയ്യാറാക്കിയ പഠനത്തെളിവുകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.
  - എല്ലാ ദിവസവും ഈ പ്രദർശനം പുതുക്കുന്നതിനുള്ള ചുമതല ഗ്രൂപ്പുകൾക്ക് തന്നെ നൽകുന്നു.
  - ക്ലാസ്സ് എഡിറ്റർമാർ ഏറ്റവും മികച്ച രചനകൾ സ്കൂൾ വാർഷികപ്പതിപ്പിലേക്ക് തിരഞ്ഞെടുക്കുന്നു.
  - മികച്ചവ സ്കൂൾതല ബോർഡിൽ പ്രദർശിപ്പിക്കുകയും പഠനോത്സവത്തിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്യും.

**അവതരണപരമായ പഠനത്തെളിവുകൾ**:

- പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള റോൾപ്ലേ, സ്കിറ്റ്, ഗാനം, പ്രസംഗം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.
- ഈ അവതരണങ്ങൾക്കായി "**ബാലസഭ**" എന്ന ആശയം ഉപയോഗിക്കാം. എല്ലാ ക്ലാസ്സുകളിലും ഒരേസമയം ബാലസഭകൾ ചേരുന്നു.
- ആഴ്ചതോറുമുള്ള ബാലസഭകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന മികച്ച അവതരണങ്ങൾ മാസാവസാനം സ്കൂൾതല ബാലസഭയിൽ അവതരിപ്പിക്കുന്നു.
- ഈ അവതരണങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവ പഠനോത്സവങ്ങളിൽ പ്രദർശിപ്പിക്കാം.

## 3. മൂല്യനിർണയവും പ്രോത്സാഹനവും

- **പോയിന്റ് സമ്പ്രദായം**: മികച്ച പഠനത്തെളിവുകൾ തയ്യാറാക്കുന്ന കുട്ടിക്കും ഗ്രൂപ്പിനും പോയിന്റുകൾ നൽകുന്നു.
- **വിലയിരുത്തൽ**: ക്ലാസ്സ് തലത്തിലും സ്കൂൾതലത്തിലും അധ്യാപകർ പഠനത്തെളിവുകൾ വിലയിരുത്തുന്നു.
- **പഠനോത്സവം**: CPTA യുമായി സഹകരിച്ച് ഇടക്കാല പഠനോത്സവങ്ങളും വർഷാന്ത്യ പഠനോത്സവവും നടത്തുന്നു. ഇത് കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള വലിയ വേദിയായിരിക്കും.
- **സ്കൂൾ പത്രം**: ഓരോ ആഴ്ചയും ഓരോ ഡിവിഷനിൽ നിന്നും ഒരു സ്കൂൾ പത്രം പുറത്തിറക്കി സ്കൂൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇത് കുട്ടികളുടെ രചനാപരമായ കഴിവുകൾക്ക് വലിയ പ്രോത്സാഹനം നൽകും.

## 4. പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- കുട്ടികൾക്ക് തങ്ങളുടെ പഠനം കേവലം പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒന്നല്ല എന്ന തിരിച്ചറിവ് ലഭിക്കുന്നു.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും തങ്ങളുടെ കഴിവിനനുസരിച്ച് സംഭാവനകൾ നൽകാൻ സാധിക്കുന്നു.
- കുട്ടികൾക്കിടയിൽ ഒരു മത്സരബുദ്ധിയോടെയുള്ള സഹകരണ മനോഭാവം വളർത്താൻ ഈ പദ്ധതിക്ക് സാധിക്കും.

## 5.നവചേതന: നൂതന പഠനരീതികളിലൂടെ

(ചുമതല : റുക്സാന ടീച്ചർ, ക്ലാസ് അധ്യാപകർ

കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

നമ്മുടെ ക്ലാസ് മുറികളിലെ പഠനം കൂടുതൽ രസകരവും ഫലപ്രദവുമാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പുതിയ പദ്ധതിയാണ് '**നവചേതന**'. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെപ്പോലും ക്ലാസ്സ് പ്രവർത്തനങ്ങളിൽ സജീവമാക്കാൻ ഈ പദ്ധതി സഹായിക്കും

### 1. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- **ആകർഷകമായ പഠനം:** വൈവിധ്യമാർന്ന പഠന തന്ത്രങ്ങളും പഠനോപകരണങ്ങളും ഉപയോഗിച്ച് പഠനം ആസ്വാദ്യകരമാക്കുക.
- **പിന്നോക്കക്കാരുടെ പങ്കാളിത്തം:** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആകർഷിക്കുകയും അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.
- **അധ്യാപക സഹകരണം:** അധ്യാപകർക്ക് തങ്ങളുടെ മികച്ച പഠനരീതികൾ പരസ്പരം പങ്കുവെക്കാനും അതിലൂടെ കൂടുതൽ മികച്ച ക്ലാസ്സുകൾ രൂപപ്പെടുത്താനും അവസരം നൽകുക.

---

### 2. പദ്ധതിയുടെ പ്രവർത്തനങ്ങൾ

- **വിഷയാടിസ്ഥാനത്തിലുള്ള ആസൂത്രണം:** ഓരോ വിഷയത്തിലെയും അധ്യാപകർ സംഘം ചേർന്ന് കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ മുൻകൂട്ടി ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നു.
- **പഠനോപകരണങ്ങളുടെ നിർമ്മാണം:** പഠനപ്രവർത്തനങ്ങൾക്കായി ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് ശിൽപശാലകൾ നടത്തുന്നു.
- **വൈവിധ്യമാർന്ന ക്ലാസ്സുകൾ:** ഒരാഴ്ചയിൽ ഒരു വിഷയത്തിൽ, ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ച് (മിടുക്കരായവർ, സാധാരണക്കാർ, പിന്നോക്കം നിൽക്കുന്നവർ) വ്യത്യസ്ത പഠന നേട്ടങ്ങൾ ലക്ഷ്യമിട്ട് ക്ലാസ്സുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.
- **പ്രവർത്തനങ്ങൾ പങ്കിടുന്നു:** പിന്നോക്കക്കാരായ കുട്ടികൾ പോലും സജീവമായി പങ്കെടുക്കുന്ന രസകരമായ ക്ലാസ്സുകളുടെ ഒരു മിനിറ്റിൽ കവിയാത്ത വീഡിയോകൾ തയ്യാറാക്കി 'ആക്ടിവിറ്റി ഗ്രൂപ്പി'ൽ പങ്കുവെക്കുന്നു. ഇതിനോടൊപ്പം പ്രവർത്തനത്തെക്കുറിച്ചുള്ള ഒരു ലഘുവിവരണവും നൽകുന്നു.
- **അധ്യാപക ശാക്തീകരണം** :അധ്യാപകർക്കായി വിവിധ വിഷയങ്ങളിൽ വർക്ഷോപ്പുകൾ സംഘടിപ്പിക്കുന്നു

---

### 3. പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- **പഠനനിലവാരം മെച്ചപ്പെടുന്നു:** ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ച് പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നതിനാൽ, ക്ലാസ്സിന്റെ മൊത്തത്തിലുള്ള പഠനനിലവാരം ഉയരുന്നു.
- **കൂടുതൽ പങ്കാളിത്തം:** ക്ലാസ്സുകൾ കൂടുതൽ രസകരമാകുന്നതിനാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ പോലും സജീവമായി പങ്കെടുക്കുന്നു.
- **അധ്യാപകർക്ക് പ്രചോദനം:** മികച്ച ക്ലാസ്സുകൾ പരസ്പരം കാണുന്നതിലൂടെ എല്ലാ അധ്യാപകർക്കും പുതിയ ആശയങ്ങളും പ്രചോദനവും ലഭിക്കുന്നു.

## 6.വീക്കിലി വിൻ: ഓരോ കുട്ടിക്കും അവരുടേതായ വിജയം

(ചുമതല: ശ്രീധരൻ മാസ്റ്റർ, ക്ലാസ് അധ്യാപകർ

കാലയളവ്: 2025 ആഗസ്റ്റ് 1മുതൽ 2026 മാർച്ച് 31വരെ)

നമ്മുടെ ക്ലാസ് മുറികളിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതി കൃത്യമായി വിലയിരുത്താൻ ലക്ഷ്യമിട്ടുള്ള ഒരു പുതിയ പദ്ധതിയാണ് **'വീക്കിലി വിൻ'**. എല്ലാ കുട്ടികളെയും ഒരേ മാനദണ്ഡത്തിൽ വിലയിരുത്തുന്നതിന് പകരം, ഓരോരുത്തരുടെയും നിലവാരത്തിനനുസരിച്ച് അവരുടെ പഠനനേട്ടങ്ങൾ അളക്കുന്ന ഈ പദ്ധതി

---

### 1. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- **വ്യക്തിഗത പഠന വിലയിരുത്തൽ:** ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ചുള്ള പഠനനേട്ടങ്ങൾ അവർ ആർജ്ജിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- **കൃത്യമായ രേഖപ്പെടുത്തൽ:** കുട്ടികളുടെ പുരോഗതിയും മാറ്റങ്ങളും ഓരോ ആഴ്ചയും കൃത്യമായി രേഖപ്പെടുത്തി വെക്കുക.
- **തുടർച്ചയായ നിരീക്ഷണം:** പിന്നോക്കം നിൽക്കുന്ന കുട്ടികളെ നിരന്തരമായി നിരീക്ഷിക്കുകയും അവരുടെ പുരോഗതി ഉറപ്പാക്കുകയും ചെയ്യുക.
- **മാസാന്ത വിലയിരുത്തൽ:** ആഴ്ചതോറുമുള്ള വിലയിരുത്തലുകൾ മാസാന്ത നിരന്തര വിലയിരുത്തലിന് സഹായകമാകുക.

---

### 2. പദ്ധതിയുടെ പ്രവർത്തനം

- **ത്രിതല പഠനനേട്ടം:** ഈ പദ്ധതിയിൽ കുട്ടികളെ മൂന്ന് നിലവാരങ്ങളായി തിരിച്ചിരിക്കുന്നു - **ഗിഫ്റ്റഡ്, സാധാരണക്കാർ, പിന്നോക്കക്കാർ**. ഓരോ ഗ്രൂപ്പിനും അവരവരുടെ കഴിവുകൾക്ക് അനുസരിച്ചുള്ള പഠനനേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിക്കുന്നു.
- **ആഴ്ചതോറുമുള്ള പരീക്ഷ:** ഓരോ ആഴ്ചയിലും ഈ പഠനനേട്ടങ്ങൾ കുട്ടികൾ കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന ഒരു ലളിതമായ പരീക്ഷ നടത്തുന്നു.
- **വിലയിരുത്തൽ:**
  - **ഗിഫ്റ്റഡ് വിദ്യാർത്ഥി:** പ്രതീക്ഷിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള പഠനനേട്ടം കൈവരിച്ചാൽ മാത്രമേ അവർക്ക് ഉയർന്ന ഗ്രേഡ് ലഭിക്കുകയുള്ളൂ.
  - **സാധാരണ വിദ്യാർത്ഥി:** സാധാരണ നിലവാരത്തിലുള്ള പഠനനേട്ടം കൈവരിച്ചാൽ അവർക്ക് ഉയർന്ന ഗ്രേഡിന് അർഹതയുണ്ടാകും.
  - **പിന്നോക്കം നിൽക്കുന്ന കുട്ടി:** അവർക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പഠനനേട്ടം നേടിയാൽ പോലും ഗ്രേഡ് നിലനിർത്താൻ സാധിക്കുന്നു.
- **രേഖപ്പെടുത്തൽ:** ഓരോ ആഴ്ചയും കുട്ടിയുടെ പ്രകടനം കൃത്യമായി രേഖപ്പെടുത്തി വെക്കുകയും രേഖകൾ മാസാന്ത വിലയിരുത്തലിന് ഉപയോഗിക്കുകയും ചെയ്യുന്നു.

---

#### 3. പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- **പ്രചോദനം:** ഓരോ കുട്ടിക്കും അവരവരുടെ നിലവാരത്തിനനുസരിച്ച് പഠനത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയുമ്പോൾ അത് അവർക്ക് കൂടുതൽ പ്രചോദനം നൽകുന്നു.
- **കൃത്യമായ വിലയിരുത്തൽ:** കുട്ടികളുടെ പഠന പുരോഗതി കൂടുതൽ കൃത്യതയോടെയും നീതിയുക്തമായും വിലയിരുത്താൻ സാധിക്കുന്നു.
- **പിന്നോക്കക്കാരുടെ പുരോഗതി:** പിന്നോക്കം നിൽക്കുന്ന കുട്ടികളെ നിരന്തരമായി നിരീക്ഷിക്കുന്നതിലൂടെ അവരുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നു.
- **ലളിതമായ റിപ്പോർട്ടിംഗ്:** ഓരോ കുട്ടിയുടെയും വികാസത്തെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ഇത് സഹായിക്കും.

| മറ്റു സ്കൂൾ തല പ്രവർത്തനങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| SL NO | ക്ലാസ്സ് | വിഷയം/ക്ലബ് | തലക്കെട്ട് | പ്രവർത്തനം | ഉപകരണങ്ങൾ | മേൽനോട്ടം | തുടങ്ങുന്ന മാസം | തിയതി | അവസാനിക്കുന്ന മാസം | തിയതി | ചെലവ് |
| 7 | | GK ക്ലബ് | ക്വിസ് മത്സരങ്ങൾ | ക്വിസ് മത്സരങ്ങൾ,ദിനാചരണങ്ങൾ, പത്ര ക്വിസ് | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |
| 8 | | MPTA | | സ്കൂൾ പാചകപ്പുരയിലേക്ക് ആഴ്ചയിൽ ഒരിക്കൽ അമ്മമാരുടെ സേവനം | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |
| 9 | | MPTA | | അമ്മമാർക്ക് യോഗ പരിശീലനം | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |
| 10 | | MPTA | | അമ്മമാർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനായി ഒരു ദിനം മദർ ഡേ | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 11 | | ഇംഗ്ലീഷ് | monthly newsletter | മാസത്തിൽ ഒരു തവണ ഇംഗ്ലീഷ് ന്യൂസ്പേപ്പർ കുട്ടികൾ തയ്റാകുന്നു | | ചുമതലയുള്ള ടീച്ചർ | ജൂലൈ | | മാർച്ച് | | |
| 12 | | ഇംഗ്ലീഷ് | one day for English in a week | ആഴ്ചയിൽ ഒരു ദിവസം സ്കൂൾ ക്യാമ്പസ്സിൽ ഇംഗ്ലീഷ് സംസാരിക്കുന്നു | | ചുമതലയുള്ള ടീച്ചർ | ജൂലൈ | | മാർച്ച് | | |
| 13 | | ഇംഗ്ലീഷ് | English assembly | English assembly | | ചുമതലയുള്ള ടീച്ചർ | ജൂലൈ | | മാർച്ച് | | |
| 14 | | ഇംഗ്ലീഷ് | English talent fest | കുട്ടികളുടെ ഇംഗ്ലീഷിലുള്ള ടാലെന്റ്സ് പ്രദർശിപ്പിക്കുന്നു... റെസിറ്റേഷൻ, സ്റ്റോറി ടെല്ലിങ് | | ചുമതലയുള്ള ടീച്ചർ | ഒക്ടോബർ | | | | |
| 15 | | ഗണിത ക്ലബ് | ക്ലബ് രൂപീകരണം | എല്ലാ ക്ലാസിൽ നിന്നും അംഗങ്ങളെ തിരഞ്ഞെടുത്തു ക്ലബ്ബ് രൂപീകരണം | | ചുമതലയുള്ള ടീച്ചർ | ജൂൺ | | | | |
| 16 | | ഗണിത ക്ലബ് | ഗണിത മേള | ഗണിതശാസ്ത്രമേളയിലേക്ക് തിരഞ്ഞെടുക്കുന്നതിന് വേണ്ടി സ്കൂൾതലത്തിൽ ഒരു ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു | | ചുമതലയുള്ള ടീച്ചർ | ജൂലൈ | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 17 | | ഗണിത ക്ലബ് | ക്ലാസ് പ്രവർത്ത നങ്ങൾ | വിവിധ ക്ലാസിലെ വിവിധ ഗണിത പ്രവർത്തനങ്ങ ൾ ഗണിത ക്ലബുമായി സംയോജിച്ച് ചെയ്യുന്നു | | ചുമത ലയു ള്ള ടീച്ചർ | | | | | |
| 18 | | ലൈബ്ര റി | അമ്മ വായന | | | | | | | | |
| 19 | | ലൈബ്ര റി | പുസ്തക വിതര ണം | | | | | | | | |
| 20 | | വിദ്യാ രംഗം | ശില്പശാല | കവിതാ ശില്പശാല | | ചുമത ലയു ള്ള ടീച്ചർ | ജൂൺ | | ജൂൺ | | |
| 21 | | വിദ്യാ രംഗം | ചിത്രരച ന | ചിത്രരചന | | ചുമത ലയു ള്ള ടീച്ചർ | ജൂലൈ | | ജൂലൈ | | |
| 22 | | വിദ്യാ രംഗം | പുസ്തകാ സ്വാദനം | പുസ്തകസ്വാദ നം | | ചുമത ലയു ള്ള ടീച്ചർ | ഒക്ടോ ബർ | | ഒക്ടോ ബർ | | |
| 23 | | വിദ്യാ രംഗം | കഥാ രചന | കഥാ രചന | | ചുമത ലയു ള്ള ടീച്ചർ | ജനുവ രി | | ജനുവരി | | |
| 24 | | സാമൂ ഹ്യ ശാ സ്ത്രം | ക്ലബ്ബ് രൂപീകര ണം | എല്ലാ ക്ലാസിൽ നിന്നും അംഗങ്ങളെ തിരഞ്ഞെടു ത്ത് ക്ലബ്ബ് രൂപീകരിക്കു ന്നു | | ചുമത ലയു ള്ള ടീച്ചർ | ജൂൺ | | | | |
| 25 | | സാമൂ ഹ്യ ശാ സ്ത്രം | സാമൂഹ്യ ശാസ്ത്ര മേള | സാമൂഹ്യശാ സ്ത്രമേളയി ലേക്ക് തെരഞ്ഞെടു ക്കുന്നതിന് വേണ്ടി | | ചുമത ലയു ള്ള ടീച്ചർ | ജൂലൈ | | | | |
| 26 | | സാമൂ ഹ്യ ശാ സ്ത്രം | പതിപ്പ് നിർമ്മാ ണം | സ്വതന്ത്ര ദിനവുമായി ബന്ധപ്പെട്ട് ക്ലാസുകളിൽ പതിപ്പുകൾ നിർമിക്കുന്നു | | ചുമത ലയു ള്ള ടീച്ചർ | ആഗസ്റ്റ് | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 27 | | സാമൂഹ്യ ശാസ്ത്രം | ചുമർ പത്രിക നിർമ്മാണം | ഗാന്ധിജയന്തി ദിനവുമായി ബന്ധപ്പെട്ട് ചുമർപത്രിക തയ്യാറാക്കുന്നു | | ചുമതലയുള്ള ടീച്ചർ | ഒക്ടോബർ | | | | |
| 28 | | സ്പോർട്ട്സ്/വിനോദം | ക്ലബ്ബ് രൂപീകരണം | എല്ലാ ക്ലാസിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുത്ത ക്ലബ്ബ് രൂപീകരണം | | ചുമതലയുള്ള ടീച്ചർ | ജൂൺ | | | | |
| 29 | | സ്പോർട്ട്സ്/വിനോദം | വിവിധ ഇനങ്ങളിലേക്ക് താല്പര്യവും കഴിവുമുള്ള കുട്ടികളെ ക്ലാസ് ടീച്ചർ തിരഞ്ഞെടുക്കുന്നു | പിടി പീരിയഡിലും ഒഴിവുള്ള പെരിയുകളിലും സ്പോർട്ട്സ് വിവിധ ഇനങ്ങളിലേക്ക് താൽപര്യവും കഴിവുമുള്ള കുട്ടികളെ ക്ലാസ് ടീച്ചർസ് കണ്ടെത്തുന്നു | | ചുമതലയുള്ള ടീച്ചർ | ജൂലൈ | | ആഗസ്റ്റ് | | |
| 30 | | സ്പോർട്ട്സ്/വിനോദം | ഫുട്ബോൾ ടീം രൂപീകരണം | സ്കൂളിലേക്ക് ഒരു ഫുട്ബോൾ ടീം | | ചുമതലയുള്ള ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | |
| 31 | | ഹരിത ക്ലബ് | ക്ലബ് രൂപീകരണം | എല്ലാ ക്ലാസിൽ നിന്നും കുട്ടികളെ ഉൾപ്പെടുത്തി ക്ലബ് രൂപീകരണം | | ചുമതലയുള്ള ടീച്ചർ | ജൂൺ | | | | |
| 32 | | ഹരിത ക്ലബ് | പൂന്തോട്ട വിപുലീകരണം | സ്കൂളിലെ പൂന്തോട്ടം വിപുലീകരിക്കൽ | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 33 | | ഹരിത ക്ലബ് | വീട്ടിൽ ഒരു അടുക്കള ത്തോട്ടം | എല്ലാ കുട്ടികളുടെ യും വീട്ടിൽ അടുക്കള ത്തോട്ടം രൂപീകരിക്കു ന്നു | | ചുമത ലയു ള്ള ടീച്ചർ | ആഗസ്റ്റ് | | മാർച്ച് | | |
| 34 | | ഹരിത ക്ലബ് | ഔഷധ ത്തോട്ട നിർമ്മാ ണം | സ്കൂളിൽ ഒരു ഔഷധത്തോ ട്ടം നിർമ്മാണം | | ചുമത ലയു ള്ള ടീച്ചർ | സെപ്റ്റം ബർ | | ഒക്ടോ ബർ | | |
| 35 | | | SRG ശാക്തീക രണം | വിദ്യാർത്ഥിക ളുടെ പഠന നിലവാരം ഉയർത്തുന്നതി ന് ആവശ്യമായ ക്ലാസ്സ്റൂം പ്രവർത്തങ്ങൾ ക്ക് മുൻഗണന നൽകി കൊണ്ടുള്ള എസ് ആർ ജി സംഗമങ്ങൾ. വിദ്യാർത്ഥി അഭിമാന രേഖ, അക്കാദമിക മാസ്റ്റർ പ്ലാൻ, ടീച്ചിങ് മാന്വൽ, പ്രതികരണ പേജുകൾ, തുടങ്ങിയവ ബന്ധിപ്പിച്ച് കൊണ്ടുള്ള എസ് ആർ ജി സംഗമങ്ങൾ വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ചു ള്ള പ്രത്യേക എസ് ആർ ജി സംഗമങ്ങൾ | | എസ്. ആർú ജി | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 36 | | | അധ്യാപക ശാക്തീകരണം | സ്കൂൾ ലെവലിൽ അധ്യാപക പരിശീലനങ്ങൾ, പഠന പരിഹാര ബോധനവുമായി ബന്ധപ്പെട്ട് അധ്യാപക സെമിനാറുകളും സംവാദങ്ങളും സംഘടിപ്പിക്കുക. അതിൽ നിന്ന് ഉരുത്തിരിയുന്ന ആശയങ്ങൾ ക്ലാസ് തലത്തിൽ നടപ്പിലാക്കുക .അധ്യാപകർക്ക് പ്രത്യേക ഐ ടി പരിശീലനം നൽകുക. ടീച്ചിങ് മാനുലും അനുബന്ധ പ്രവർത്തനങ്ങളും സമഗ്ര പോർട്ടൽ വഴി ചെയ്യുന്നതിനും സമ്പൂർണ, സഹിതം, പ്രശസ്ത് , സമേതം മറ്റു പോർട്ടലുകൾ ഉപയോഗപ്പെടുത്തുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുക. | | എസ്. ആർ ജി | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 37 | | | തുടരുന്ന മാസ്റ്റർ പ്ലാൻ | വിവിധ സ്കൂളുകൾ സന്ദർശിച്ച് മാതൃകകൾ കണ്ടെത്തി അനുയോജ്യമായത് സ്വീകരിച്ച് അടുത്ത വർഷങ്ങളിലേക്കുള്ള പദ്ധതികളുടെ ബക്കറ്റ് ലിസ്റ്റ് തയ്യാറാക്കി ആസൂത്രണം തുടർന്ന് കൊണ്ടേയിരിക്കുന്നു. | | എസ്. ആർ ജി | ജൂൺ | | മാർച്ച് | | |
| 38 | | | ഹോം ലൈബ്രറി | 100 കുട്ടികളുടെ വീടുകളിൽ ഹോം ലൈബ്രറി സ്ഥാപിക്കുക | | എസ്. ആർ ജി | ജൂൺ | | മാർച്ച് | | |
| 39 | | | കോർണർ PTA | പ്രാദേശിക പി.ടി.എ സംഗമങ്ങൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുക | | എസ്. ആർ ജി | ജൂൺ | | മാർച്ച് | | |
| 40 | | | എൻ്റെ കുഞ്ഞിൻ്റെ കുഞ്ഞ് ലോകം | എൻ്റെ കുഞ്ഞിൻ്റെ കുഞ്ഞ് ലോകം അറിയാനായി വീടുകളിലേക്ക് അധ്യാപകർ എത്തുന്നു | | എസ്. ആർ ജി | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 41 | | | പ്രാദേശിക പഠനോത്സവം | സ്കൂളിന് ചുറ്റുമുള്ള വിവിധ പ്രദേശങ്ങളിലേക്ക് ചെന്ന് പഠനത്തെളിവുകൾ അവതരിപ്പിക്കുന്ന പഠനോത്സവങ്ങൾ | | എസ്. ആർ‌ ജി | ജൂൺ | | ആഗസ്റ്റ് | | |

# ജി.എൽ.പി.എസ് കരുവാരകുണ്ട്- ക്ലാസ് തല മാസ്റ്റർപ്ലാൻ 2025-26

| SL NO | ക്ലാസ്സ് | വിഷയം/ക്ലബ് | തലക്കെട്ട് | പ്രവർത്തനം | ഉപകരണങ്ങൾ | മേൽനോട്ടം | തുടങ്ങുന്ന മാസം | തിയതി | അവസാനിക്കുന്ന മാസം | തിയതി | ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | അറബി | ഞാനും വീടും : ചിത്രപ്പതിപ്പ് | അധ്യാപകൻ്റെ സഹായത്തോടെ സ്വന്തം വീടിൻ്റെ ലളിതമായ ചിത്രം വരക്കുന്നു, വീടിനും അക്ഷരത്തിനും നിറം നൽകുന്നു. ചിത്രവുമായി വന്ന് കുട്ടി ക്ലാസിന് മുന്നിൽ സ്വയം പരിചയപ്പെടുത്തുന്നു. പതിപ്പായി സമാഹരിക്കുന്നു. അലിഫ് + ബ അക്ഷരങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള പ്രവർത്തനം (بيت،أنا) | A 4 ഷീറ്റ് , ക്രയോൺ , പെൻസിൽ | ചുമതലയുള്ള ടീച്ചർ | ജൂൺ | | ജൂൺ | | |
| 2 | 1 | അറബി | സന്തുഷ്ട കുടുംബം : സ്കിറ്റ് അവതരണം | കുട്ടി, പിതാവ്, മാതാവ്, സഹോദരി സഹോദരൻ എന്നീ 5 പേരടങ്ങുന്ന സ്കിറ്റ് ' ഓരോ കുട്ടിയും പങ്കെടുക്കുന്നു. വിവിധ പദങ്ങൾ അഭിവാദന രീതികൾ , പ്രയോഗിക്കുന്നു. കുടുംബത്തെ പരിചയപ്പെടുത്തുന്നു. , | കുഞ്ഞിക്കസേരകൾ, വീടിൻ്റെ വലിയ ചിത്രം, വിവിധ വേഷങ്ങൾ | ചുമതലയുള്ള ടീച്ചർ | ജൂലൈ | | ജൂലൈ | | |
| 3 | 1 | അറബി | ഫീൽഡ് ട്രിപ്പ് (ഫാം) | പാഠഭാഗത്തിലെ വിവിധ ജീവികളെ പരിചയപ്പെടാൻ തൊട്ടടുത്ത ഒരു ഫാം സന്ദർശിക്കുന്നു. ജീവികളുടെ പേരുകൾ , പദ്യങ്ങൾ എന്നിവ പ്രയോഗിച്ച് കൊണ്ടുള്ള രസകരമായ യാത്ര. വിവിധ ജീവികളെ | ജീവികളുടെ പേരുകൾ , എണ്ണങ്ങൾ എഴുതിയ പ്ലക്കാർഡ്, ചിത്രങ്ങൾ | ചുമതലയുള്ള ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | 500 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | എണ്ണി നോക്കുന്നു. | | | | | | | |
| 4 | 1 | ഇംഗ്ലീഷ് | vehicle | കുട്ടികളെ റോഡ് സൈഡിൽ നിർത്തി വാഹനങ്ങളെ യും വാഹന നിയമങ്ങളെ യും കുറിച് പറഞ്ഞു നൽകുന്നു | - | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂലൈ | | |
| 5 | 1 | ഇംഗ്ലീഷ് | reading day | വായന കാർഡുകൾ കുട്ടികൾ വായിക്കൽ | ചാർട്ട്, മാർക്കർ | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ഫെബ്രു വരി | | 300 |
| 6 | 1 | ഇംഗ്ലീഷ് | Animal's picture exhibition | വിവിധ മൃഗങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്ക ൽ | മൃഗങ്ങളുടെ ചിത്രങ്ങൾ | ക്ലാസ്സ് ടീച്ചർ | സെ പ്റ്റംബ ർ | | സെ പ്റ്റംബ ർ | | 200 |
| 7 | 1 | ഇംഗ്ലീഷ് | work shop | songs, stories | - | ചുമത ലയു ള്ള ടീച്ചർ | ഒക്ടോ ബർ | | ഒക്ടോ ബർ | | |
| 8 | 1 | ഗണിതം | ജ്യാമീതീ യ രൂപങ്ങൾ | പരിസരത്തു ള്ള വിവിധ വസ്തുക്കളുടെ ആകൃതി തിരിച്ചറിയൽ | വിവിധ വസ്തുക്കൾ | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂൺ | | - |
| 9 | 1 | ഗണിതം | ഗണിത പാട്ടുകൾ | ഗണിതപ്പാട്ടുക ളുടെ അവതരണം | | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രു വരി | | |
| 10 | 1 | ഗണിതം | ആശംസ കാർഡ് നിർമ്മാ ണം | ആശം സ കാർഡുകൾ ഉണ്ടാക്കുന്നു | ചാർട്ട്, ക്രായോൺസ് | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | 200 |
| 11 | 1 | ഗണിതം | അമ്മമാ രുടെ ശില്പശാല | അമ്മമാർ കുട്ടികൾക്കാ വശ്യമായ പഠനോപകര ണങ്ങൾ നിർമിക്കുന്ന | പേസ്റ്റ് ബോക്സ്, ചാർട്ട്.. etc | ക്ലാസ്സ് ടീച്ചർ | സെ പ്റ്റംബ ർ | | സെ പ്റ്റംബ ർ | | 600 |
| 12 | 1 | ഗണിതം | സംഖ്യ കാർഡ് നിർമാ ണം | സംഖ്യ കാർഡുകൾ നിർമിക്കുന്ന | ചാർട്ട്, മാർക്കർ | ക്ലാസ്സ് ടീച്ചർ | ഒക്ടോ ബർ | | ഒക്ടോ ബർ | | 200 |
| 13 | 1 | ഗണിതം | ഗണിത ആൽബം | സങ്കലന വ്യവകലനവു മായി ബന്ധപ്പെട്ട ഉപകരങ്ങൾ, വിവിധ ആകൃതിയി | ചാർട്ട്, മാർക്കർ, ചട്ട കടലാസ്.. etc | ക്ലാസ്സ് ടീച്ചർ | നവംബ ർ | | ഡിസം ബർ | | 1500 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ലുള്ള ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയത് | | | | | | | |
| 14 | 1 | മലയാളം | പറവകൾക്കൊപ്പം പറക്കാം | പറവ പാറി എന്ന പാഠത്തിന്റെ ദൃശ്യവിഷ്കാരം | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂൺ | | 200 |
| 15 | 1 | മലയാളം | പൂവിനെ അറിയാം | നാട്ടുപൂവുകളുടെ പ്രദർശനം | പൂക്കൾ | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | - |
| 16 | 1 | മലയാളം | സംയുക്ത ഡയറി | കുട്ടിയും രക്ഷിതാവും ചേർന്ന് ഡയറി എഴുതുന്നു | ഡയറി | ക്ലാസ്സ് ടീച്ചർ | ജൂലൈ | | മാർച്ച് | | - |
| 17 | 1 | മലയാളം | നാടൻ കളികൾ | കുട്ടികൾക്ക് നാടൻ കളികൾ പരിചയപ്പെടുത്തി | ചിരട്ട, അച്ചിങ്ങ, കല്ലുകൾ, കുപ്പികൾ.. etc | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | |
| 18 | 1 | മലയാളം | പാട്ടരങ്ങ് | പാട്ടുകൾ വിവിധ സാമഗ്രികൾ ഉപയോഗപെടുത്തി താളം പിടിച്ച് പാടുന്നു | ചിരട്ട, കുപ്പി..... etc | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | | ഫെബ്രുവരി | | - |
| 19 | 1 | മലയാളം | രചനോത്സവം | ചിത്രങ്ങൾ നൽകി കഥ എഴുതുന്നു | A4 ഷീറ്റ് | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | | ഒക്ടോബർ | | 900 |
| 20 | 2 | ഇംഗ്ലീഷ് | പരിഹാര ബോധനം | Word Pyramid | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രുവരി | | |
| 21 | 2 | ഇംഗ്ലീഷ് | storymaking | making simple sentences about picture | chart ,pictures | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | | ഒക്ടോബർ | | |
| 22 | 2 | ഇംഗ്ലീഷ് | English fest | riddles rhyme recitation games conversations | | എസ്. ആർ‌ജി | ജനുവരി | | ജനുവരി | | |
| 23 | 2 | ഗണിതം | ജാമിതീയ രൂപങ്ങൾ | ജാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ശില്പശാല | ചാർട്ട്, കാർഡ്ബോർഡ്, പശ | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂൺ | | |
| 24 | 2 | ഗണിതം | ഒരു ദിനം ഒരു ചോദ്യം | പസിൽ കുസൃതി കണക്കുകൾ ഇവയ്ക്ക് ഉത്തരം കണ്ടെത്തുക | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രുവരി | | |
| 25 | 2 | ഗണിതം | പരിഹാര ബോധനം | ഗണിതകേളി | | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രുവരി | | |
| 26 | 2 | ഗണിതം | ഗണിത കിറ്റ് | ഗണിത ആശയങ്ങൾ ഉറപ്പിക്കാനായി മഞ്ചാടി, ഫ്ലാഷ് കാർഡ്,കളിനോട്ടുകൾ തീപ്പെട്ടി സ്ട്രോഎന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്നു | | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | | ഒക്ടോബർ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 27 | 2 | പരിസര പഠനം | ഫീൽഡ് ട്രിപ്പ് | ജലസ്രോതസ്സ്, കൃഷിയിടം, തൊഴിൽ സ്ഥലങ്ങൾ | | ക്ലാസ്സ് ടീച്ചർ | ജൂൺ | | സെപ്റ്റംബർ | | |
| 28 | 2 | മലയാളം | പാട്ടരങ്ങ് | പാട്ടിനൊപ്പം ഒറ്റയ്ക്കും സംഘമായും അഭിനയിക്കുക | കല്ല് നിറച്ച കുപ്പികൾ ചിരട്ടകൾ കളിച്ചണ്ടകൾ | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 29 | 2 | മലയാളം | സംയുക്ത ഡയറി | ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു | ഡയറി | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 30 | 2 | മലയാളം | റീഡേഴ്സ് തിയേറ്റർ | ഉച്ചാരണ വ്യക്തതയോടെ ഭാവമുൾക്കൊണ്ട് ഒഴുക്കോടെ വായിക്കുക | ചാർട്ട് | | ജൂലൈ | | മാർച്ച് | | |
| 31 | 2 | മലയാളം | രചനോത്സവം | സ്വായത്തമാക്കിയ ആശയങ്ങൾ ഉപയോഗിച്ച് കഥ കവിത ഡയറി വിവരണം ക്ഷണക്കത്ത് സംഭാഷണം എന്നിവ തയ്യാറാക്കൽ | A4 | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രുവരി | | |
| 32 | 2 | മലയാളം | പരിഹാര ബോധനം | പല കാർഡ് നിർമ്മാണം | പദ കാർഡ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ഫെബ്രുവരി | | |
| 33 | 2 | മലയാളം | ക്ലാസ് പത്രം | സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതൽ | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | മാർച്ച് | | |
| 34 | 2 | മലയാളം | | | | | | | | | |
| 35 | 3 | ഇംഗ്ലീഷ് | Hangers/ | അടുക്കള ഉപകരണങ്ങൾ മ്യൂസിക് ഇൻസ്ട്രുമെൻറ്സ് ആയി സങ്കല്പിച്ചു ഇംഗ്ലീഷ് സോങ്ങിന് അനുസരിച് പെർഫോം ചെയ്യുക | | ക്ലാസ്സ് ടീച്ചർ | ജൂൺ | 26 | ജൂൺ | 5 | |
| 36 | 3 | ഇംഗ്ലീഷ് | school English assembly | procedures with the children and fixes the components | | ക്ലാസ്സ് ടീച്ചർ | ജൂലൈ | | | | |
| 37 | 3 | ഇംഗ്ലീഷ് | origami | paper fish made by the children | colour paper | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | | | |
| 38 | 3 | ഇംഗ്ലീഷ് | preparation of fruit salad | | fruits | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | | | | |
| 39 | 3 | ഇംഗ്ലീഷ് | Bird watching diary | students watch birds around their locality and keep a diary | note book | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | | മാർച്ച് | | |
| 40 | 3 | ഇംഗ്ലീഷ് | mime | | | ക്ലാസ്സ് ടീച്ചർ | ജനുവരി | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 41 | 3 | ഇംഗ്ലീഷ് | Diary entry | | | ക്ലാസ്സ് ടീച്ചർ | ഡിസംബർ | | | | |
| 42 | 3 | ഇംഗ്ലീഷ് | choreography | Poem | Poem | ക്ലാസ്സ് ടീച്ചർ | നവംബർ | | | | |
| 43 | 3 | ഇംഗ്ലീഷ് | Profession game | | chart | ക്ലാസ്സ് ടീച്ചർ | ഫെബ്രുവരി | | | | |
| 44 | 3 | ഇംഗ്ലീഷ് | Dumb charads | | list of tools | ക്ലാസ്സ് ടീച്ചർ | മാർച്ച് | | | | |
| 45 | 3 | ഗണിതം | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | കാർഡ് ബോർഡ്, ഈർക്കിൽ , തീപ്പെട്ടിക്കൊള്ളി എന്നിവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു | | | | | | | |
| 46 | 3 | ഗണിതം | സംഖ്യാപാറ്റേൺ / സംഖ്യാറിബൺ | കുട്ടികൾ ക്ലാസിൽ സംഖ്യാറിബൺ നിർമ്മിക്കുന്നു | | | | | | | |
| 47 | 3 | ഗണിതം | സ്കെയിൽ നിർമ്മാണം | കട്ടികുറഞ്ഞ കാർഡ് ബോർഡ് കൊണ്ട് സ്കെയിൽ നിർമ്മാണം | | | | | | | |
| 48 | 3 | ഗണിതം | ക്ലോക്ക് നിർമ്മാണം | കാർഡ് ബോർഡിൽ ക്ലോക്ക് നിർമ്മാണം | | | | | | | |
| 49 | 3 | പരിസര പഠനം | ഇല ചിത്രങ്ങൾ | വിവിധ തരം ഇലകൾ പേപ്പറിൽ ഒട്ടിച്ച് ഇല ചിത്രങ്ങൾ തയ്യാറാക്കുന്നു | | | | | ജൂലൈ | | |
| 50 | 3 | പരിസര പഠനം | ജീവികളെ നിരീക്ഷിക്കൽ | കുട്ടികളുടെ വീട് സന്ദർശിച്ച് വളർത്തു മൃഗങ്ങളെയും പക്ഷികളെയും നിരീക്ഷിക്കുന്നു | | | | | | | |
| 51 | 3 | പരിസര പഠനം | മുച്ചട്ടി അരിപ്പെ നിർമ്മാണം | ചിരട്ട, ചരൽ, മണൽ, കരിക്കട്ട എന്നിവ ഉപയോഗിച്ച് മുച്ചട്ടി അരിപ്പ നിർമ്മിക്കുന്നു | | | | | | | |
| 52 | 3 | പരിസര പഠനം | ശുചിത്വ ചാർട്ട് | ശുചിത്വവുമായി ബന്ധപ്പെട്ട വർ ക്ക് ഷീറ്റ് ഓരോ കുട്ടിക്കും നൽകുന്നു ഓരോ ആഴ്ചയിലും വിലയിരുത്തൽ നടത്തി ക്രോഡീകരി | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ക്കുന്നു | | | | | | | |
| 53 | 3 | പരിസര പഠനം | പലഹാര മേള | കുട്ടികൾ വീട്ടിൽ നിന്ന് ഉണ്ടാക്കി ക്കൊണ്ടു വന്ന പലഹാരങ്ങൾ പ്രദർശിപ്പി ക്കുന്നു | | | | | | | |
| 54 | 3 | പരിസര പഠനം | വാഹന ക്കളി | സീബ്രാലൈ ൻ, വാഹന ബോർഡ് , കാൽനടയാ ത്രക്കാർക്കു ള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ്, എന്നിവ ഉപയോഗിച്ച് ക്ലാസിൽ വാഹനക്കളി നടത്തുന്നു. | | | | | | | |
| 55 | 3 | പരിസര പഠനം | വാനനി രീക്ഷ ണം | കുട്ടികൾ രക്ഷിതാക്കളു ടെ സഹായത്തോ ടെ രാത്രിയിൽ ആകാശം നിരീക്ഷിക്കു ന്നു | | | | | | | |
| 56 | 3 | പരിസര പഠനം | വീട് നിർമ്മാ ണം | കാർഡ് ബോർഡ് ഉപയോഗിച്ച് വീടുകൾ നിർമ്മിക്കു ന്നു | | | | | | | |
| 57 | 3 | മലയാളം | വായതാ രി ചന്തം | വയതരികൾ വിവിധ വാദ്യോപകര ണങ്ങൾ ഉപയോഗിച്ച് താളമിട്ടു കേൾപ്പിക്കു ന്നു | പാത്രങ്ങൾ കോലുകൾ ചിരട്ടകൾ | ക്ലാസ്സ് ടീച്ചർ | ജൂൺ | | | | |
| 58 | 3 | മലയാളം | റീഡേഴ് സ് തിയറ്റർ | പാഠഭാഗം വേഷ വിധാനങ്ങൾ ഇല്ലാതെ ഭാ അവതരിപ്പി ക്കുന്നു | തിരക്കഥ | ക്ലാസ്സ് ടീച്ചർ | ജൂലൈ | | | | |
| 59 | 3 | മലയാളം | റോൾ പ്ലേ | എലിയും പൂച്ചയും | തിരക്കഥ | ക്ലാസ്സ് ടീച്ചർ | | | | | |
| 60 | 4 | അറബി | കാർഡ് ഗെയിം മത്സരം | ഗ്രൂപ്പുകളായി തിരിക്കുന്നു. هذا / هذه ഉപയോഗിച്ചു ള്ള വിവിധ വാക്യങ്ങൾ പുല്ലിംഗം സ്ത്രീലിംഗം മനസ്സിലാക്കി നിർമിക്കുന്ന തിനായി ഒരു മത്സരം സംഘടിപ്പി | പദകാർഡുകൾ | ചുമത ലയു ള്ള ടീച്ചർ | ജൂൺ | | ജൂൺ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ക്കുന്നു. വിവിധ പൗ കാർഡുകൾ ലഭ്യമാക്കുന്നു. അനുയോജ്യമായത് ബന്ധിപ്പിക്കുന്നു. | | | | | | | |
| 61 | 4 | അറബി | വളരുന്ന നിഘണ്ടു. | പദസമ്പത്ത് വർധിപ്പിക്കുന്നതായി വർഷം മുഴുവൻ ഗ്രൂപ്പ് തിരിഞ്ഞ് പാഠഭാഗത്തെ പദങ്ങൾ ശേഖരിച്ച് ഒരു നിഘണ്ടു നിർമിക്കുന്നു. | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | |
| 62 | 4 | അറബി | പ്ലക്കാർഡ് നിർമാണം | പരിസ്ഥിതിയുമായി പാഠഭാഗത്ത് പരമാർശിക്കപ്പെടുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ നിർമിക്കുന്നു. | ഹാർഡ് ബോർഡ്, പേപ്പർ, മാർക്കർ | ചുമതലയുള്ള ടീച്ചർ | ജൂലൈ | | ജൂലൈ | | |
| 63 | 4 | അറബി | വിവരണപ്പതിപ്പ് | ഭക്ഷ്യവിഭവങ്ങൾ സ്വന്തം കഥ പറയുന്ന സചിത്ര വിവരണപ്പതിപ്പുകൾ നിർമ്മിക്കുന്നു. | A 4 , മാർക്കർ | ചുമതലയുള്ള ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | |
| 64 | 4 | അറബി | അറബിക് ഡയറി | അറബിയിൽ വിവിധ സമയങ്ങൾ പ്രയോഗിച്ചുകൊണ്ട് ദിനക്കുറിപ്പുകൾ നിർമ്മിക്കുന്നു | | ചുമതലയുള്ള ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | |
| 65 | 4 | അറബി | ക്വിസ് മത്സരം | ചോദ്യപ്പദങ്ങൾ ഉപയോഗിച്ച് ലളിതമായ ക്വിസ് | | ചുമതലയുള്ള ടീച്ചർ | ഒക്ടോബർ | | ഒക്ടോബർ | | |
| 66 | 4 | അറബി | അറബിക് കലണ്ടർ നിർമാണം | പാഠംഭാഗത്തെ മാസങ്ങളും തിയ്യതികളും ഉപയോഗിച്ച് അറബിയിൽ കലണ്ടർ നിർമിക്കുന്നു | | ചുമതലയുള്ള ടീച്ചർ | ഡിസംബർ | | ഡിസംബർ | | |
| 67 | 4 | അറബി | സ്കിറ്റ് മത്സരം | ഗ്രൂപ്പ് തിരിഞ്ഞ് രാജുവും റമീസും തമ്മിലുള്ള സംഭാഷണം Role play മത്സരം | | ചുമതലയുള്ള ടീച്ചർ | നവംബർ | | നവംബർ | | |
| 68 | 4 | ഇംഗ്ലീഷ് | One alphabet three words | familiarize 3 simple words daily | | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 69 | 4 | ഇംഗ്ലീഷ് | Interview | Interview with a local hero | questionaire | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂലൈ | | 500 |
| 70 | 4 | ഇംഗ്ലീഷ് | Diary writing | every day diary writing | | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 71 | 4 | ഇംഗ്ലീഷ് | chain words | make a chain of meaningful words using last letter of the word | | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 72 | 4 | ഇംഗ്ലീഷ് | Kite flying | Kite flying | paper, scissors, glue, threads etc | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | |
| 73 | 4 | ഇംഗ്ലീഷ് | book mark making | make beautiful bookmarks in class | chart, colour etc | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | 200 |
| 74 | 4 | ഗണിതം | ഗണിത കേളികൾ | കളികളിലൂടെ സംഖ്യാബോധവും ചതുഷ്ക്രിയകളും ഉറപ്പിക്കൽ | | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 75 | 4 | ഗണിതം | ശില്പശാല | വിവിധ ഗണിതരൂപങ്ങളുപയോഗിച്ചു നിർമ്മാണ ശില്പശാല രൂപങ്ങൾ | ചാർട്ട്, പശ, കത്രിക | ചുമതലയുള്ള ടീച്ചർ | ജൂൺ | | ജൂലൈ | | 750 |
| 76 | 4 | ഗണിതം | ഗണിത മൂല, ഗണിത ലാബ് | സ്വന്തം ക്ലാസിലും സ്കൂളിലും ഗണിത മൂലയും ഗണിത ലാബും ഒരുക്കുന്നു | | ചുമതലയുള്ള ടീച്ചർ | ജൂൺ | | മാർച്ച് | | 1000 |
| 77 | 4 | ഗണിതം | സംഖ്യാ കാർഡ് | വ്യക്തിഗത സംഖ്യാ കാർഡ് നിർമ്മാണം, പ്രദർശനം | ചാർട്ട്, മാർക്കർ | ചുമതലയുള്ള ടീച്ചർ | ജൂലൈ | | ജൂലൈ | | 500 |
| 78 | 4 | ഗണിതം | സ്ഥാനവില പോക്കറ്റ് | വ്യക്തിഗത സ്ഥാനവില പോക്കറ്റ് നിർമ്മാണം | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | 500 |
| 79 | 4 | ഗണിതം | റോമൻ സംഖ്യകൾ പരിചയം | റോമൻ സംഖ്യകളുടെ മാതൃക നിർമ്മാണം, പ്രദർശനം | ചാർട്ട്, നൂൽ etc | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | |
| 80 | 4 | ഗണിതം | ഷൂട്ടിംഗ് ബോർഡ് | ഒരു ഗണിത കളിയിലൂടെ സ്ഥാനവില, സങ്കലനം പരിചയപ്പെടുന്നു | ചാർട്ട് | ചുമതലയുള്ള ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | |
| 81 | 4 | ഗണിതം | അളവുമാപിനികൾ | ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് അളവു മാപിനികൾ നിർമ്മിക്കുന്നു | | ചുമതലയുള്ള ടീച്ചർ | ഡിസംബർ | | ഫെബ്രുവരി | | |
| 82 | 4 | ഗണിതം | ഗുണന പുഷ്പം | ഗുണന പട്ടികകളെ വിവിധ പുഷ്പങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്നു | ചാർട്ട് | ചുമതലയുള്ള ടീച്ചർ | നവംബർ | | നവംബർ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 83 | 4 | പരിസര പഠനം | ഫീൽഡ് ട്രിപ്പ് | ആവാസ വ്യവസ്ഥ പരിചയപ്പെടുത്തുന്നതിന് വേണ്ടി ഒരു ഫീൽഡ് ട്രിപ്പ് | | ക്ലാസ്സ് ടീച്ചർ | ജൂൺ | | ജൂൺ | | 1000 |
| 84 | 4 | പരിസര പഠനം | അഭിമുഖം | പരിസ്ഥിതി പ്രവർത്തകനുമായി അഭിമുഖം | ചോദ്യാവലി | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | 500 |
| 85 | 4 | പരിസര പഠനം | പ്രദർശനം | സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ചിത്രങ്ങളും വാർത്തകളും വിവരങ്ങളും ഉൾപ്പെടുത്തി വിദ്യാലയത്തിൽ പ്രദർശനം- പഠനോത്സവത്തിൽ | ചാർട്ട് etc | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | 500 |
| 86 | 4 | പരിസര പഠനം | ദാഹജലം തേടി | പക്ഷികൾക്ക് ജലവും ആഹാരവും ലഭ്യമാക്കുന്നതിനുള്ള ഒരിടം സ്കൂളിൽ ഒരുക്കുന്നു | ധാന്യങ്ങൾ,പാത്രം | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | മാർച്ച് | | |
| 87 | 4 | പരിസര പഠനം | ഫീൽഡ് ട്രിപ്പ് | വിവിധ കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നതിന് വേണ്ടി കേരള കലാമണ്ഡലത്തിലേക്ക് ഒരു പഠന യാത്ര | | ചുമതലയുള്ള ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | 15000 |
| 88 | 4 | മലയാളം | വാക്കറിവ് | ഒരു ദിവസം ഒരക്ഷരം അഞ്ച് വാക്കുകൾ | നോട്ടുപുസ്തകം | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 89 | 4 | മലയാളം | വായന ക്കാർഡ് | ഒരു ദിവസം ഒരു വായനക്കാർഡ് നിർമാണം | നോട്ടുപുസ്തകം | ക്ലാസ്സ് ടീച്ചർ | ജൂൺ | | മാർച്ച് | | |
| 90 | 4 | മലയാളം | യാത്ര | യാത്ര ആസ്വദിക്കാനുള്ള യാത്ര | സ്കൂൾ ബസ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | 10000 |
| 91 | 4 | മലയാളം | പട്ടം നിർമാണം | ക്ലാസ്സിൽ പട്ടം നിർമാണം | പേപ്പർ, കത്രിക, പശ, നൂൽ... | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | |
| 92 | 4 | മലയാളം | അഭിമുഖം | പോസ്റ്റ് മാസ്റ്റർ ആയിട്ടുള്ള അഭിമുഖം | ചോദ്യവലി | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | |
| 93 | 4 | മലയാളം | കത്തെഴുത്ത് | കൂട്ടുകാരന് കത്തെഴുതൽ | പോസ്റ്റ് കാർഡ്, ഇൻലാൻഡ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | ജൂലൈ | | 500 |
| 94 | 4 | മലയാളം | പുസ്തക പ്രദർശനം | യാത്രാവിവരണ പുസ്തക പ്രദർശനം | പുസ്തകങ്ങൾ | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | |
| 95 | 4 | മലയാളം | പതിപ്പ് നിർമാണം | യുദ്ധവിരുദ്ധ പതിപ്പ് നിർമാണം | ചാർട്ട് | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | ആഗസ്റ്റ് | | 1000 |
| 96 | 4 | മലയാളം | അഭിമുഖം | അതിജീവിതനുമായി അഭിമുഖം | ചോദ്യാവലി | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | | സെപ്റ്റംബർ | | 500 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 97 | 4 | മലയാളം | പുഴ സന്ദർശനം | പുഴയെ നേരിട്ടറിയാൻ ഒരു പുഴയാത്ര | | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | | ഒക്ടോബർ | | |
| 98 | 4 | മലയാളം | പ്രദർശനം | പഴം, പച്ചക്കറി പ്രദർശനം | പഴങ്ങൾ, പച്ചക്കറികൾ | ക്ലാസ്സ് ടീച്ചർ | നവംബർ | | നവംബർ | | |
| 99 | 4 | സ്പോർട്സ്/വിനോദം | സുംബ ഡാൻസ്. | എല്ലാ ക്ലാസധ്യാപകരുടെയും നേതൃത്വത്തിൽ വിശ്രമവേളകളിൽ സുംബ പരിശീലനം നൽകുന്നു. മാസത്തിൽ ഒരിക്കൽ സ്കൂൾ തലത്തിൽ അവതരിപ്പിക്കുന്നു. | | | | | | | |
| 100 | PP | മലയാളം | Role play | കുടുംബാംഗങ്ങളെ അനുകരിക്കൽ | അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി ( (പച്ഛന്നവേഷം) | ക്ലാസ്സ് ടീച്ചർ | ജൂൺ | 13 | ജൂൺ | 27 | |
| 101 | PP | മലയാളം | കുഞ്ഞറിവുകൾ | 1 simple GK questions,English day activities, pattern making, സർഗ്ഗത്മക പ്രവർത്തനങ്ങൾ | | ക്ലാസ്സ് ടീച്ചർ | ജൂൺ | 23 | മാർച്ച് | 14 | |
| 102 | PP | മലയാളം | Rainy Day | മഴ നൃത്തം | കുട, റെയിൻ കോട്ട് | ക്ലാസ്സ് ടീച്ചർ | ജൂലൈ | 2 | ജൂലൈ | 25 | |
| 103 | PP | മലയാളം | ഫോട്ടോ പ്രദർശനം | സ്വാതന്ത്ര്യസമര സേനാനികളുടെ ഫോട്ടോ പ്രദർശനം | | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | 7 | ആഗസ്റ്റ് | 14 | |
| 104 | PP | മലയാളം | കൗതുക കാഴ്ചകൾ | ലഘുപരീക്ഷണങ്ങൾ | പൂക്കൾ ഇലകൾ നാരങ്ങ etc..... | ക്ലാസ്സ് ടീച്ചർ | സെപ്റ്റംബർ | 16 | സെപ്റ്റംബർ | 26 | 500 |
| 105 | PP | മലയാളം | കൃഷി പരിചയം | ചിരട്ടയിൽ വിത്ത് മുളപ്പിക്കുക | ചിരട്ട മണ്ണ് വിത്ത് | ക്ലാസ്സ് ടീച്ചർ | ഒക്ടോബർ | 6 | ഒക്ടോബർ | 27 | |
| 106 | PP | മലയാളം | വാഹനങ്ങൾ | റോഡ് നിയമങ്ങൾ പരിചയപ്പെടൽ | കളർ ഷീറ്റ്, പശ, | ക്ലാസ്സ് ടീച്ചർ | ജനുവരി | 5 | ജനുവരി | 28 | 100 |
| 107 | PP | മലയാളം | ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | ആശംസകൾ കൈമാറുന്നു | ചാർട്ട്,പശ, ഗിൽറ്റ് പൗഡർ, മാർക്കർ, | ക്ലാസ്സ് ടീച്ചർ | ഡിസംബർ | 2 | ഡിസംബർ | 12 | 200 |
| 108 | PP | മലയാളം | ശിശുദിന റാലി | കുട്ടികളുടെ റാലി | ചാർട്ട്,പശ,കളർ ഷീറ്റ്, സ്റ്റിക്ക് | ക്ലാസ്സ് ടീച്ചർ | നവംബർ | 3 | നവംബർ | 28 | |
| 109 | PP | മലയാളം | കലകൾ | വിവിധതരം കലാരൂപങ്ങളുടെ അവതരണം | ഡ്രസ്സ് മേക്കപ്പ്, ആഭരണങ്ങൾ, | ക്ലാസ്സ് ടീച്ചർ | ഫെബ്രുവരി | 4 | ഫെബ്രുവരി | 25 | 1000 |
| 110 | PP | മലയാളം | news reading | 2025-2026 PPപ്രവർത്തനങ്ങളുടെ അവലോകനം കുട്ടികളിലൂടെ | തെർമോകോൾ, മാർക്കർ,മുട്ടുസൂചി | ക്ലാസ്സ് ടീച്ചർ | മാർച്ച് | 3 | മാർച്ച് | 13 | 500 |